"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

ദുരന്ത നിവാരണ (എ) വകുപ്പ്

നമ്പർ.ഡിഎംഎ1/119/2022-ഡിഎംഡി 02-06-2022,തിരുവനന്തപുരം

അഡീഷണൽ ചീഫ് സെക്രട്ടറി

പ്രിൻസിപ്പൽ സെക്രട്ടറി, ശാസ്ത്ര സാങ്കേതിക വകുപ്പ് & എക്സിക്യൂട്ടീവ് വൈസ് പ്രസിഡന്റ്, കെ.എസ്.സി.എസ്.ടി.ഇ

സംസ്ഥാന പോലീസ് മേധാവി

ഡയറക്ടർ ജനറൽ, ഫയർ ആൻഡ് റെസ്ക്യൂ സർവീസസ് ആൻഡ് സിവിൽ ഡിഫൻസ്

എയർ ഓഫീസർ കമാൻഡിംഗ്-ഇൻ-ചീഫ്, ഇന്ത്യൻ എയർഫോഴ്സ്, സതേൺ എയർ കമാൻഡ്, തിരുവനന്തപുരം

കമ്മീഷണർ, ലാൻഡ് റവന്യൂ

കമ്മീഷണർ, ഡിസാസ്റ്റർ മാനേജ്മെന്റ്

ഫോറസ്റ്റ് ഫോഴ്സ് മേധാവി & പ്രിൻസിപ്പൽ ചീഫ് കൺസർവേറ്റർ ഓഫ് ഫോറസ്റ്റ്

എല്ലാ ഡിഡിഎംഎ ചെയർപേഴ്സൺമാരും & എല്ലാ ജില്ലാ കളക്ടർമാരും

ഡയറക്ടർ, കേന്ദ്ര കാലാവസ്ഥാ വകുപ്പ്, തിരുവനന്തപുരം

സ്റ്റേഷൻ കമാൻഡർ, ഇന്ത്യൻ ആർമി, പാങ്ങോട് മിലിട്ടറി സ്റ്റേഷൻ

നേവൽ ഓഫീസർ ഇൻ ചാർജ്, ജോയിന്റ് ഓപ്പറേഷൻസ് സെന്റർ, ഐഎൻഎസ് വെണ്ടുരുത്തി

അഡീഷണൽ ഡയറക്ടർ ജനറൽ ഓഫ് പോലീസ്, ഇന്റലിജൻസ്

കമാൻഡന്റ്, ദേശീയ ദുരന്ത നിവാരണ സേന, നാലാം ബറ്റാലിയൻ, ആരക്കോണം

കമാൻഡന്റ്, ഐടിബിപി, നൂറനാട്, കേരളം

ഡെപ്യൂട്ടി ഇൻസ്പെക്ടർ ജനറൽ, കോസ്റ്റ് ഗാർഡ്, ഡിഎച്ച്ക്യൂ 4, കൊച്ചി

കമാൻഡന്റ്, ബിഎസ്എഫ്, തിരുവനന്തപുരം

ഡെപ്യൂട്ടി ഇൻസ്പെക്ടർ ജനറൽ ഓഫ് പോലീസ്, ഗ്രൂപ്പ് സെന്റർ, സെൻട്രൽ റിസർവ് പോലീസ് സേന, പള്ളിപ്പുറം

ഡെപ്യൂട്ടി ഡയറക്ടർ ജനറൽ, TERM, ടെലികമ്മ്യൂണിക്കേഷൻസ് വകുപ്പ്, ഗവ. ഓഫ് ഇന്ത്യ, കൊച്ചി

ഡെപ്യൂട്ടി ഡയറക്ടർ, ജനറൽ & സ്റ്റേറ്റ് ഇൻഫോർമാറ്റിക്സ് ഓഫീസർ, NIC കേരള സ്റ്റേറ്റ് സെൻറർ

ചെയർമാൻ & മാനേജിംഗ് ഡയറക്ടർ , കെ.എസ്.ആർ.ടി.സി

ചെയർമാൻ, കെ.എസ്.ഇ.ബി.എൽ

മാനേജിംഗ് ഡയറക്ടർ, KWA

ഗതാഗത കമ്മീഷണർ, കേരളം
കമ്മീഷണർ, എക്സൈസ്
ഡയറക്ടർ, ഫിഷറീസ്
ഡയറക്ടർ, തുറമുഖം
ഡയറക്ടർ, സിവിൽ സപ്ലൈസ്
ലേബർ കമ്മീഷണർ
കമ്മീഷണർ, ഗ്രാമവികസനം
ഡയറക്ടർ, നഗരകാര്യം
ഡയറക്ടർ, പഞ്ചായത്തുകൾ
മിഷൻ ഡയറക്ടർ, എം.ജി.എൻ.ആർ.ഇ.ജി.എസ്
ഡയറക്ടർ, മൈനിംഗ് ആൻഡ് ജിയോളജി
ഡയറക്ടർ, മൃഗസംരക്ഷണം
ഡയറി ഡെവലപ്മെന്റ് ഡയറക്ടർ,
സിവിൽ സപ്ലൈസ് ഡയറക്ടർ
ഡയറക്ടർ, കൃഷി
പൊതുവിദ്യാഭ്യാസ ഡയറക്ടർ
ഡയറക്ടർ, ഹയർ സെക്കൻഡറി വിദ്യാഭ്യാസം
ഡയറക്ടർ, വിഎച്ച്എസ് വിദ്യാഭ്യാസം
ഡയറക്ടർ, മെഡിക്കൽ വിദ്യാഭ്യാസം
ഡയറക്ടർ, ഹെൽത്ത് സർവീസസ്
ഡയറക്ടർ, ഹോമിയോപ്പതിക് വിഭാഗം
ഡയറക്ടർ, ഇന്ത്യൻ സിസ്റ്റംസ് ഓഫ് മെഡിസിൻ
ഡയറക്ടർ, വനിതാ ശിശു വികസനം
ഡയറക്ടർ, തുറമുഖം
റോഡ് സുരക്ഷാ കമ്മീഷണർ, റോഡ് സുരക്ഷാ അതോറിറ്റി
ഡയറക്ടർ, ടൂറിസം
ഡയറക്ടർ, ജലഗതാഗത കോർപ്പറേഷൻ
ഡയറക്ടർ, പട്ടികജാതി വികസനം
ഡയറക്ടർ, പട്ടികവർഗ വികസനം
ഡയറക്ടർ, സാമൂഹിക നീതി
ഡയറക്ടർ, കേരള സ്റ്റേറ്റ് ഐടി മിഷൻ
എക്സിക്യൂട്ടീവ് ഡയറക്ടർ, ശുചിത്വ മിഷൻ
ഡയറക്ടർ, സന്നദ്ധസേന
ഡയറക്ടർ, ഐ & പിആർഡി
മെമ്പർ സെക്രട്ടറി, കെഎസ്ഡിഎംഎ & ഹെഡ്, കെഎസ്ഇഒസി
ഡയറക്ടർ, മണ്ണ് സംരക്ഷണം
ഡയറക്ടർ, ഐഎൽഡിഎം, പി ടി പി നഗർ, തിരുവനന്തപുരം
ഡയറക്ടർ, നാഷണൽ സെന്റർ ഫോർ എർത്ത് സയൻസ് സ്റ്റഡീസ്,
തിരുവനന്തപുരം
ചീഫ് എഞ്ചിനീയർ, ഇറിഗേഷൻ & അഡ്മിനിസ്ട്രേഷൻ

മെമ്പർ സെക്രട്ടറി, ഡാം സേഫ്റ്റി അതോറിറ്റി, ചീഫ് എഞ്ചിനീയർ, ഐ.ഡി.ആർ.ബി
ചീഫ് എൻജിനീയർ, ഡാം സേഫ്റ്റി, കെ.എസ്.ഇ.ബി
ചീഫ് എഞ്ചിനീയർ, റോഡ്സ് & ബ്രിഡ്ജസ് (PWD), കേരളം
ചീഫ് എഞ്ചിനീയർ, ബിൽഡിംഗ്സ് (PWD), കേരളം
ചീഫ് എഞ്ചിനീയർ, തദ്ദേശ സ്വയംഭരണ വകുപ്പ്, എഞ്ചിനീയറിംഗ്
ഡെപ്യൂട്ടി ഡയറക്ടർ ജനറൽ, ജിയോളജിക്കൽ സർവേ ഓഫ് ഇന്ത്യ, തിരുവനന്തപുരം
ചീഫ് എഞ്ചിനീയർ, ഹാർബർ എഞ്ചിനീയറിംഗ് വകുപ്പ്
എക്സിക്യൂട്ടീവ് ഡയറക്ടർ, CWRDM, കോഴിക്കോട്
എക്സിക്യൂട്ടീവ് എഞ്ചിനീയർ, SWR Dn., സെൻട്രൽ വാട്ടർ കമ്മീഷൻ, ഇന്ത്യ, കൊച്ചി

സർ,

വിഷയം:- ഡി.എം.ഡി-മഴക്കാലമുന്നൊരുക്കവുമായി ബന്ധപ്പെട്ട് **18.05.2022** 11.30ന് ബഹു മുഖ്യമന്ത്രിയുടെ അദ്ധ്യക്ഷതയിൽ നടന്ന അവലോകനയോഗത്തിന്റെ നടപടിക്കുറിപ്പ്-സംബന്ധിച്ച്

സൂചന:- 17.05.2022 തീയതിയിലെ ഇതേ നമ്പർ കത്ത്

സൂചനയിലേയ്ക്ക് ശ്രദ്ധ ക്ഷണിക്കുന്നു. മഴക്കാലമുന്നൊരുക്കവുമായി ബന്ധപ്പെട്ട് **18.05.2022** 11.30ന് ബഹു മുഖ്യമന്ത്രിയുടെ അദ്ധ്യക്ഷതയിൽ നടന്ന അവലോകനയോഗത്തിന്റെ നടപടിക്കുറിപ്പിന്റെ പകർപ്പ് അറിവിനും തുടർനടപടികൾക്കുമായി ഇതോടൊപ്പം ഉള്ളടക്കം ചെയ്യുന്നു.

വിശ്വസ്തതയോടെ,
ജയചന്ദ്രൻ എ
അണ്ടർ സെക്രട്ടറി
അഡീഷണൽ ചീഫ് സെക്രട്ടറിയ്ക്കുവേണ്ടി

അംഗീകാരത്തോടെ

**Signed by Bijumon K K**
**Date: 03-06-2022 09:15:47**
സെക്ഷൻ ഓഫീസർ.

പകർപ്പ്:
ബഹു മുഖ്യമന്ത്രിയുടെ പി എസിന്
ബഹു റവന്യൂ വകുപ്പ് മന്ത്രിയുടെ പി എസിന്
ചീഫ് സെക്രട്ടറിയുടെ ഒ.എസ്.ഡി യ്ക്ക്
റവന്യൂവും ദുരന്ത നിവാരണവും വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറിയുടെ പി എയ്ക്ക്
ദുരന്തനിവാരണ വകുപ്പ് ജോയിന്റ് സെക്രട്ടറിയുടെ സി എയ്ക്ക്

ദുരന്ത നിവാരണ വകുപ്പ് ഫിനാൻസ് ഓഫീസർക്ക്
ശാസ്ത്ര സാങ്കേതിക വകുപ്പ്
ആഭ്യന്തര വകുപ്പ്
ഗതാഗത വകുപ്പ്
ഊർജ്ജ വകുപ്പ്
മത്സ്യബന്ധന തുറമുഖ വകുപ്പ്
കൃഷി വകുപ്പ്
ജല വിഭവ വകുപ്പ്
മൃഗസംരക്ഷണ വകുപ്പ്
പൊതുവിദ്യാഭ്യാസ വകുപ്പ്
ഉന്നതവിദ്യാഭ്യാസ വകുപ്പ്
ആരോഗ്യ വകുപ്പ്
വനിതാ ശിശു വികസന വകുപ്പ്
ടൂറിസം വകുപ്പ്
ജലഗതാഗത വകുപ്പ്
പട്ടികജാതി വികസന വകുപ്പ്
സാമൂഹിക നീതി വകുപ്പ്
ഐ & പിആർഡി

I/5296561/2022

**2022 മെയ് 18 ന് രാവിലെ 11.30ന് ബഹു മുഖ്യമന്ത്രിയുടെ അധ്യക്ഷതയിൽ ചേർന്ന മഴക്കാല മുന്നൊരുക്കങ്ങളെക്കുറിച്ചുള്ള ഓൺലൈൻ യോഗത്തിന്റെ നടപടികുറിപ്പ്**

ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ അധ്യക്ഷതയിൽ മൺസൂൺ തയ്യാറെടുപ്പ് അവലോകന യോഗം 2022 മെയ് 18 ബുധനാഴ്ച പകൽ 11.30 ന് ഓൺ ലൈനായി ചേർന്നു. കേന്ദ്ര-സംസ്ഥാന സർക്കാരുകളുടെ വിവിധ വകുപ്പുകളുടെയും ഏജൻസികളുടെയും തലവൻമാർ, പ്രതിനിധികൾ, പ്രതിരോധ, അർദ്ധസൈനിക വിഭാഗങ്ങൾ, ജില്ലാ കളക്ടർമാർ എന്നിവർ യോഗത്തിൽ പങ്കെടുത്തു.

ഈ വർഷത്തെ കാലവർഷം മേയ് 27 നോ അതിനു മുൻപ് 25-നോ തന്നെ ആരംഭിക്കുമെന്ന് കേന്ദ്രകാലാവസ്ഥാ വകുപ്പിന്റെ (IMD) മുന്നറിയിപ്പ് ലഭിച്ച സാഹചര്യത്തിൽ ദുരന്ത നിവാരണ പ്രവർത്തനങ്ങളുടെ ഭാഗമായി ദുരന്ത സാഹചര്യം നേരിടുന്നതിനായി വിവിധ വകുപ്പുകളുടെ ഏകോപനം ആവശ്യമായതുകൊണ്ടാണ് കേന്ദ്ര, സംസ്ഥാന വകുപ്പുകളുടെയും, ഏജൻസികളുടെയും, കര, വ്യോമ, നാവിക സേന, കോസ്റ്റ് ഗാർഡ് എന്നിവരുടെ പ്രതിനിധികളെയും ഉൾപ്പെടുത്തിക്കൊണ്ട് യോഗം വിളിച്ച് ചേർത്തതെന്ന് ചീഫ് സെക്രട്ടറി വിശദീകരിച്ചു.

വടക്കൻ ജില്ലകളിൽ 21 സെന്റീമീറ്റർ വരെ കനത്ത മഴയ്ക്ക് സാധ്യതയുണ്ടെന്ന് മുന്നറിയിപ്പ് നൽകിയിട്ടുള്ളതായി ഐഎംഡി ഡയറക്ടർ അറിയിച്ചു. മേയ് 18 മുതൽ 25-വരെ തൃശ്ശൂർ, മലപ്പുറം, പാലക്കാട് ജില്ലകളിൽ അതിതീവ്ര മഴയ്ക്ക് സാധ്യതയുണ്ടെന്നും തിരുവനന്തപുരം മുതൽ ഇടുക്കി വരെയുള്ള ജില്ലകളിൽ ഒറ്റപ്പെട്ട കനത്ത മഴയ്ക്ക് സാധ്യതയുണ്ടെന്നും ജൂലൈ 24-ഓടെ മഴയുടെ ശക്തി കുറയുമെന്നും സംസ്ഥാനത്ത് നിലവിലുള്ള മൺസൂൺ മുന്നറിയിപ്പും മത്സ്യത്തൊഴിലാളികൾക്കുള്ള കാലാവസ്ഥാ മുന്നറിയിപ്പുകളും അദ്ദേഹം വിശദീകരിച്ചു. മെയ് 25-ഓടു കൂടി കാലവർഷമാരംഭിക്കുമെന്ന് പ്രതീക്ഷിക്കുന്നതായി ഐഎംഡി ഡയറക്ടർ അറിയിച്ചു

മഴക്കാല മുന്നൊരുക്ക പ്രവർത്തനങ്ങളുമായി ബന്ധപ്പെട്ട് സ്വീകരിക്കേണ്ട നടപടികളെ കുറിച്ച് ഒരു പ്രസന്റേഷൻ സംസ്ഥാന ദുരന്ത നിവാരണ അതോറിറ്റി തയ്യാറാക്കിയിട്ടുണ്ടെന്നും കൂടാതെ ഇറിഗേഷൻ വകുപ്പിന്റെ നേതൃത്വത്തിൽ പുഴയിലെ എക്കൽ മാറ്റുന്നതിന് ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ടെന്നും ആയത് പ്രകാരം എക്കൽ മാറ്റുന്നതിനുള്ള നടപടി ജില്ലാകളക്ടർമാർ സ്വീകരിക്കേണ്ടതാണെന്നും നഗര പ്രദേശങ്ങളിലെ വെള്ളപ്പൊക്കം ഒഴിവാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നതായും അതുകൂടാതെ മഴക്കാല പൂർവ്വ രോഗങ്ങൾ തടയുന്നതിനുള്ള നടപടികൾ പഞ്ചായത്ത് തലത്തിൽ നടത്തി വരുന്നതായും മണ്ണിടിച്ചിൽ ഉണ്ടാവാൻ സാധ്യതയുള്ള സ്ഥലത്തു നിന്ന് ആളുകളെ മാറ്റിപ്പാർപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്നും ചീഫ് സെക്രട്ടറി യോഗത്തിൽ അറിയിച്ചു.

മഴക്കാലത്ത് സ്വീകരിക്കേണ്ട മുന്നൊരുക്ക നടപടികളെക്കുറിച്ചുള്ള പ്രസന്റേഷൻ സംസ്ഥാന

I/5296561/2022

ദുരന്ത നിവാരണ അതോറിറ്റി മെമ്പർ സെക്രട്ടറി യോഗത്തിൽ അവതരിപ്പിച്ചു. കെഎസ്ഡിഎംഎ പ്രാദേശിക തലങ്ങളിൽ വെള്ളപ്പൊക്ക ഭൂപടങ്ങൾ പ്രസിദ്ധീകരിച്ചിട്ടുണ്ടെന്നും, മൺസൂൺ തയ്യാറെടുപ്പിന്റെ ഭാഗമായുള്ള ഓറഞ്ച് ബുക്ക് മുൻ വർ ഷങ്ങളെപ്പോലെ 2 0 2 2 മെയ് 25-ന് പ്രസിദ്ധീകരിക്കുമെന്നും നിലവിലെ IMD-AWS ഇൻസ്റ്റലേഷന്റെ പ്രവർത്തനവും KWRIS ജല വിഭവ നിരീക്ഷണ സംവിധാനത്തെ കുറിച്ചും അദ്ദേഹം വിശദീകരിച്ചു. എല്ലാ ജില്ലകളിലും ഏപ്രിൽ മാസത്തിൽ മോക്ക് ഡ്രില്ലുകൾ പൂർത്തിയാക്കിയെന്നും ദുരന്ത നിവാരണ വാരാഘോഷം, തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്കും മുനിസിപ്പാലിറ്റികൾക്കും തയ്യാറെടുപ്പിനായി ഫണ്ട് അനുവദിക്കൽ, ഡിഡിഎംഎ യോഗങ്ങളിൽ ഡിഡിഎംഎ വൈസ് ചെയർമാന്റെ പങ്കാളിത്തം ഉറപ്പാക്കൽ, താലൂക്ക്, പഞ്ചായത്ത് തലങ്ങളിൽ ഐആർടി രൂപീകരണം, ദുർബല സമൂഹങ്ങളെ കണ്ടെത്തൽ തുടങ്ങിയവയാണ് മഴക്കാല തയ്യാറെടുപ്പ് പ്രവർത്തനങ്ങളിൽ പരിഗണിക്കേണ്ടുന്ന വിഷയങ്ങളെന്നും ദുരന്ത ആഘാത മേഖലകളിലുള്ളവരുടെ പട്ടിക തയ്യാറാക്കിയിട്ടുണ്ടെന്നും ആവശ്യമുണ്ടെങ്കിൽ അവരെ നിർബന്ധമായി മാറ്റിപ്പാർപ്പിക്കുന്നതിനു വേണ്ട നടപടി സ്വീകരിക്കണമെന്നും, വനപ്രദേശങ്ങളിലും, ഊരുകളിലും, ലയങ്ങളിലും താമസിക്കുന്ന ആളുകൾക്ക് മുന്നറിയിപ്പ് എത്തിക്കുന്നതടക്കമുള്ള മുന്നൊരുക്ക നടപടികൾ മെമ്പർ സെക്രട്ടറി വിശദീകരിച്ചു.

നിലവിൽ ഏഴ് എൻ.ഡി.ആർ.എഫ് ടീമുകളെ സംസ്ഥാനത്ത് വിന്യസിച്ചിട്ടുണ്ടെന്നും ആവശ്യപ്പെടുന്നതനുസരിച്ച് കൂടുതൽ ടീമുകളെ വിന്യസിക്കുമെന്നും കാലവർഷത്തിന് മുന്നോടിയായി എല്ലാ ജില്ലകളിലും വെള്ളപ്പൊക്കത്തിന്റെയും ഉരുൾപൊട്ടലിന്റെയും മോക്ക് ഡ്രില്ലുകൾ നടത്തിയതായും കൂടാതെ ഏത് ദുരന്ത സാഹചര്യവും നേരിടാൻ തയ്യാറാണെന്നും, എൻഡിആർഎഫ് കമാൻഡന്റ് അറിയിച്ചു.

സംസ്ഥാനത്തെ മുഴുവൻ തലങ്ങളിലുമുള്ള പോലീസ് സേനയേയും ദുരന്ത നിവാരണത്തിനായി വിന്യസിച്ചിട്ടുണ്ടെന്നും ADGP (Law & Order) നെയാണ് ദുരന്ത നിവാരണ പ്രവർത്തനങ്ങളുടെ നോഡൽ ഓഫീസറായി ചുമതലപ്പെടുത്തിയിട്ടുള്ളതെന്നും താഴ്ന്ന പ്രദേശങ്ങളിൽ മുന്നറിയിപ്പ് നൽകുന്നതിനായി പബ്ലിക്ക് അനൗൺസ്മെന്റ് സൗകര്യം ഉള്ള വാഹനങ്ങൾ തയ്യാറാക്കി നിർത്തിയിട്ടുണ്ടെന്നും ദുരന്ത സാഹചര്യങ്ങൾ നേരിടുന്നതിനായുള്ള അത്യാവശ്യ ഉപകരണങ്ങളും തയ്യാറാക്കി വച്ചിട്ടുണ്ടെന്നും മറ്റു മുന്നൊരുക്കങ്ങളും വിശദമായി സംസ്ഥാന പോലീസ് മേധാവി അറിയിച്ചു.

ദുരന്ത നിവാരണ പ്രവർത്തനങ്ങൾക്കായി 15,000 സിവിൽ ഡിഫെൻസ് വോളന്റിയർമാരെ തയ്യാറാക്കി നിർത്തിയിട്ടുള്ളതായി ഫയർ ആന്റ് റസ്ക്യൂ ഡയറക്ടർ ജനറൽ അറിയിച്ചു.

ഏത് ദുരന്ത സാഹചര്യവും നേരിടാൻ ഇന്ത്യൻ സൈന്യം പൂർണ്ണ സജ്ജമാണെന്നും കെ.എസ്.ഡി.എം.എയുമായി നിരന്തര സമ്പർക്കത്തിലാണെന്നും അടിയന്തിര സാഹചര്യങ്ങളിൽ ആവശ്യാനുസരണം സേവനത്തിന് സൈന്യം തയ്യാറാണെന്നും വിന്യാസത്തിന് ഏകീകൃത സംവിധാനം ഏർപ്പെടുത്തുന്നത് ഉചിതമായിരിക്കുമെന്നും തിരുവനന്തപുരം പാങ്ങോട് സ്റ്റേഷൻ കമാൻഡർ അറിയിച്ചു.

I/5296561/2022

ഇന്ത്യൻ കോസ്റ്റ് ഗാർഡിന്റെ പ്രതിനിധി യോഗത്തിൽ അവരുടെ പൂർണ്ണ പിന്തുണ ഉറപ്പാക്കി കപ്പലുകളും വിഴിഞ്ഞം ബേപ്പൂർ ടീമുകളടക്കം 24 മണിക്കൂറും സേവനം സജ്ജമാണെന്ന് അറിയിച്ചു

ഐ.ടി.ബി.പി ചത്തീസ് ഗഡിൽ സേനാ അംഗങ്ങളെ വിന്യസിച്ചിരിക്കുന്ന സാഹചര്യത്തിൽ 20 മുതൽ 3 0 വരെ സേനാംഗങ്ങളെ ആവശ്യാനുസരണം ലഭ്യമാക്കുവാൻ സാധിക്കുമെന്ന് ഐ.ടി.ബി.പി അറിയിച്ചു. പള്ളിപ്പുറത്ത് ഒരു ടീം സജ്ജമാണെന്നും ആവശ്യാനുസരണം അവരെ വ്യന്യസിക്കുമെന്നും ഡി.ഐ.ജി അറിയിച്ചു.

തിരുവനന്തപുരത്ത് രണ്ട് യൂണിറ്റ് നിലവിൽ ഉള്ളതിൽ തൃശ്ശൂർ യൂണിറ്റിനെ നിലവിൽ രാജ്യത്ത് മറ്റ് സേവനങ്ങൾക്കായി വ്യന്യസിച്ചിട്ടുണ്ടെന്നും കോഴിക്കോട് ഉള്ള രണ്ടാമത്തെ യൂണിറ്റ് മറ്റൊന്നിന് തയ്യാറെടുക്കുകയാണെങ്കിലും പുതുതായി വരുന്നതോ നിലവിലുള്ളതോ ആയ ബി.എസ്.എഫ് സേനാ അംഗങ്ങളുടെ സേവനം എപ്പോഴും സജ്ജമാണെന്ന് ബിഎസ്.എഫ് നു വേണ്ടി കമാന്റഡന്റ് സെക്ടറൽ ഹെഡ് കോട്ടേഴ്സ് പ്രതിനിധി അറിയിച്ചു.

മൺസൂൺ ഇതുവരെയുള്ള മുന്നറിയിപ്പനുസരിച്ച് "Normal with a strong tendency on the negative side" എന്നതാണ് SKYMETന്റെയും I M D യുടെയും ഡാറ്റ സൂചിപ്പിക്കുന്നതെന്നും അതിതീവ്ര മഴയുടെ സാന്നിദ്ധ്യം ഉണ്ടാകുവാൻ സാധ്യതയുണ്ടെന്നും അതുകൊണ്ട് തന്നെ വെള്ളപ്പൊക്കം, മണ്ണിടിച്ചിൽ, ഉരുൾപ്പൊട്ടൽ തുടങ്ങിയ അനുബന്ധ ദുരന്തങ്ങൾക്ക് സാധ്യതയുണ്ടെന്നും ശാസ്ത്ര സാങ്കേതിക വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിഅറിയിച്ചു. ഈ വർഷം മേയ് 17 വരെ 10 ജില്ലകളിൽ കാലവർഷത്തിന് മുന്നേതന്നെ 6 0 ശതമാനത്തിൽ കൂടുതൽ മഴ ലഭിച്ചിട്ടുണ്ടെന്നും അതിൽ 5 ജില്ലകളിൽ 10 0 ശതമാനത്തിലധികം മഴ ലഭിച്ചിട്ടുണ്ടെന്നും ഇത് സൂചിപ്പിക്കുന്നത് എല്ലാ ജില്ലാകളിലേയും മണ്ണ് സാച്ചുറേറ്റഡ് ലെവലിലേയ്ക്ക് എത്തിക്കൊണ്ടിരിക്കുന്നുണ്ടെന്നും തുടർന്ന് മൺസൂൺ മഴ കൂടി ലഭിക്കുന്നതോടെ ഉരുൾപ്പൊട്ടൽ/മണ്ണിടിച്ചിൽ സാധ്യതാ മേഖലകളിൽ കൂടുതൽ ശ്രദ്ധ ചെലുത്തേണ്ടതായി വരുമെന്നും പ്രത്യേകിച്ച് എറണാകുളം, കാസറഗോഡ്, കോട്ടയം, പത്തനംതിട്ട , തൃശ്ശൂർ എന്നിവിടങ്ങളിൽ 100 ശതമാനത്തിലധികം വേനൽമഴ ലഭിച്ച് കഴിഞ്ഞതായും ഇടുക്കി കോട്ടയം ജില്ലകളിൽ കഴിഞ്ഞ വർഷം ഇതേ സമയത്ത് മഴക്കാലത്തിന് മുന്നോടിയായി 2 3 ശതമാനം കൂടുതൽ മഴ മാത്രമേ ലഭിച്ചിരുന്നുള്ളൂയെന്നും പക്ഷെ കോട്ടയത്തും ഇടുക്കിയിലും കൂടുതൽ ഉരുൾപ്പൊട്ടൽ/ മണ്ണിടിച്ചിൽ ഉണ്ടായിട്ടുണ്ടെന്നും അറിയാൻ സാധിച്ചു ഇത്തവണ കാലവർഷത്തിന്റെ സാധ്യത നേരത്തെയാണ് പ്രവചിച്ചിരിക്കുന്നത്. കഴിഞ്ഞ 2 5 വർഷത്തെ നിരീക്ഷണത്തിൽ കാലവർഷം നേരത്തെ എത്തിചേരുന്ന വർഷങ്ങളിൽ ജൂൺ 1 5 മുതൽ ജൂലൈ 15 വരെയുള്ള കാലയളവിൽ മഴയുടെ തോത് കുറയുന്നതായിട്ടാണ് കണ്ടിട്ടുള്ളതെന്നും ഇതൊരു നിരീക്ഷണം മാത്രമാണെന്നും അദ്ദേഹം അറിയിച്ചു. നിലവിൽ സംസ്ഥാനത്തെ ജലസംഭരണികൾ 30 - 40 ശതമാനം മാത്രമേ നിറഞ്ഞിട്ടുള്ളൂവെന്നും സാധാരണ ഗതിയിൽ ജൂൺ അവസാനത്തോടു ജലസംഭരണികൾ നിറയുന്ന സാഹചര്യമാണുള്ളതെന്നും എന്നാൽ ജൂൺ മധ്യത്തോടെ മഴകുറയുന്ന സാഹചര്യമുണ്ടായാൽ ജലസംഭരണികൾ നിറയുന്നതിനുള്ള സാഹചര്യവും കുറവാണെന്നും കൂടാതെ മഴ ആശ്രയിച്ചുള്ള കൃഷിയ്ക്ക് ജൂൺ അവസാനത്തോടെ ജല ലഭ്യത കുറയാനുള്ള സാധ്യത നിലവിലുണ്ടെന്നും പ്രിൻസിപ്പൽ സെക്രട്ടറി ശാസ്ത്ര സാങ്കേതിക വകുപ്പ് അറിയിച്ചു.

I/5296561/2022

ജലസംഭരണികളുടെ ജല നിരപ്പ് സുരക്ഷിത ലെവലിലാണുള്ളത്. റൂൾ കർവ്വിനെ അടിസ്ഥാനമാക്കിയാണ് ഡാമിലെ ജലനിരപ്പ് നിശ്ചയിക്കുന്നത്. റിവർ ഗേജസും റെയിൻ ഗേജസും നിരന്തരം നിരീക്ഷിച്ചുവരുന്നതായും 4 4 നദികളിൽ 1 4 നദികളിലെ എക്കൽ നീക്കം പൂർത്തിയാക്കിയിട്ടുണ്ടെന്നും മേയ് 2 0 തിനോടു കൂടി അവശേഷിക്കുന്ന 3 0 എണ്ണം കൂടി പൂർത്തിയാക്കാനാണ് ഉദ്ദേശിക്കുന്നതെന്നും കൂടാതെ എല്ലാ അഴിമുഖങ്ങൾക്കും 2 0 ലക്ഷം രൂപ വീതം മഴക്കാലമുന്നോരുക്കങ്ങൾക്കായി എല്ലാ ഇ.ഇ മാർക്കും അനുവദിച്ചിട്ടുണ്ടെന്നും ചീഫ് എഞ്ചിനിയർ ജലസേചനം അറിയിച്ചു.

മഴക്കാലം ശക്തിപ്രാപിക്കുന്ന പശ്ചാത്തലത്തിൽ നിലവിലെ വൈദ്യുതോല്പ്പാദനം വർദ്ധിപ്പിക്കുവാൻ കെ.എസ്.ഇ.ബി യോട് ചീഫ് സെക്രട്ടറി നിർദ്ദേശിച്ചു.

നിലവിലെ പവർ പൊസിഷൻ മീറ്റിംഗ് പ്രസ്തുത വിഷയം വിശകലനം ചെയ്ത് ആയതിന് വേണ്ട ഡിമാന്റ് നിശ്ചയിച്ച് വൈദ്യുത ഉത്പാദന കേന്ദ്രങ്ങൾക്ക് നൽകിയിട്ടുള്ളതായി കെ.എസ്.ഇ.ബി ചെയർമാർ അറിയിച്ചു. കൂടാതെ നിലവിൽ ഉദ്ദേശം 9 0 കോടിയോളം രൂപയുടെ പോസ്റ്റ്, കണ്ടക്ടേഴ്സ് എന്നിവയുടെ നാശനഷ്ടം കെ.എസ്.ഇ.ബിയ്ക്ക് സംഭവിച്ചിട്ടുണ്ടെങ്കിലും ആയത് പകരം കരുതിയിട്ടുണ്ടെന്നും ചെയർമാൻ അറിയിച്ചു.

മഴക്കാല മുന്നൊരുക്കവുമായി ബന്ധപ്പെട്ട ഓറഞ്ച് ബുക്കിലെ നിർദ്ദേശങ്ങൾ എല്ലാ വകുപ്പിനും കൈമാറിയിട്ടുണ്ടെന്നും ജില്ലയിലെ ചുമതലയുള്ള മന്ത്രിയുമായി മീറ്റിംഗ് നിശ്ചയിച്ചിട്ടുണ്ടെന്നും ആശങ്കാജനകമായ മഴ നിലവിലില്ലായെന്നും എല്ലാ മുന്നൊരുക്കങ്ങളും പൂർത്തീകരിച്ചിട്ടുള്ളതായും ഇടുക്കി ജില്ലാകളക്ടർ അറിയിച്ചു.

ഓറഞ്ച് ബുക്കിലെ മഴക്കാല മുന്നോരുക്കവുമായി ബന്ധപ്പെട്ട്, കംട്രോൾ റൂം അടക്കമുള്ള എല്ലാ നിർദ്ദേശങ്ങളും പൂർത്തിയാക്കിയിട്ടുണ്ടെന്നും, എക്കൽ നീക്കത്തെ സംബന്ധിച്ച പ്രവർത്തനങ്ങളെപ്പറ്റിയും, ചീഫ് സെക്രട്ടറിയുടെ നിർദ്ദേശത്തിന്റെ അടിസ്ഥാനത്തിൽ യോഗത്തിൽ കണ്ണൂർ ജില്ലാകളക്ടർ വിശദീകരിച്ചു.

ജില്ലാ-താലൂക്ക് കംട്രോൾ റൂമുകൾ കൂടാതെ പോലീസ് ഫയർ ഫോഴ്സ് കംട്രോൾ റൂമുകളും പ്രവർത്തിച്ചു വരുന്നതായും ജില്ലയിൽ റെഡ് അലർട്ട് പ്രഖ്യാപിച്ചിരുന്ന സാഹചര്യത്തിൽ സിവിൽ ഡിഫൻസ്, ഐ.എ.ഡി ഗ്രൂപ്പുകൾ എന്നിവരെ ഉൾപ്പെടുത്തി ടീമുകളെ സജ്ജമാക്കിയിട്ടുണ്ടെന്നും ഇൻസിഡൻസ് റെസ്പോൺസ് സംവിധാനം എല്ലാ താലൂക്കുകളിലും പ്രവർത്തനക്ഷമമാണെന്നും എൻ.ഡി.ആർ.എഫിന്റെ ഒരു ടീം ജില്ലയിൽ റിപ്പോർട്ട് ചെയ്യുകയും അവർക്ക് വേണ്ട എല്ലാ നിർദ്ദേശങ്ങളും നൽകിയിട്ടുണ്ടെന്നും, കൂടാതെ നദികളിലെ എക്കൽ നീക്കം സംബന്ധിച്ചും, വെള്ളക്കെട്ട് ഒഴിവാക്കുന്നതിന് സ്വീകരിച്ച മറ്റു നടപടികളെക്കുറിച്ചും എറണാകുളം ജില്ലാകളക്ടർ യോഗത്തിൽ വിശദീകരിച്ചു.

പത്തനംതിട്ട ജില്ലയിൽ നിലവിൽ ലഭിക്കുന്ന മഴയുടെ തോതും ദുരിതാശ്വാസ കേന്ദ്രങ്ങൾ തയ്യാറാക്കൽ, ഒഴിപ്പിക്കൽ നടപടികൾ, നദികളിലെ എക്കൽ നീക്കം, ഡാമുകളുടെ നിലവിലെ സ്ഥിതി എന്നിവയെ സംബന്ധിച്ചും ജില്ലാകളക്ടർ വിശദീകരിച്ചു.

I/5296561/2022

ആലപ്പുഴയിൽ ജില്ലാ ദുരന്ത നിവാരണ അതോറിറ്റി യോഗം ചേർന്ന് ആവശ്യമായ നിർദ്ദേശങ്ങൾ ബന്ധപ്പെട്ട വകുപ്പുകൾക്ക് നൽകിയിട്ടുണ്ടെന്നും തോട്ടപ്പള്ളി സ്പിൽവേയും തണ്ണീർമുക്കം ബണ്ടും നിലവിൽ തുറന്നിട്ടുണ്ടെന്നും ജല നീക്കം സുഗമമാക്കുന്നതിനുവേണ്ട നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്നും കടലോര പ്രദേശങ്ങളിൽ രൂക്ഷമായ കടൽക്ഷോഭം അനുഭവപ്പെടുന്നുണ്ടെങ്കിലും ആവശ്യമായ മുൻകരുതൽ നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്നും, ജില്ലയിലെ പാടശേഖരങ്ങളിലെ മടവീഴ്ച മൂലം കൃഷിയ്ക്കും വിളകൾക്കും നെല്ല് സംഭരണത്തിലെ അപാകതയും സംബന്ധിച്ച നാശനഷ്ടം ഉണ്ടാകുന്ന വിഷയത്തിന്മേൽ പൂർണ്ണമായ പരിഹാരം ഉണ്ടായിട്ടില്ലായെന്നും ആലപ്പുഴ ജില്ലാകളക്ടർ അറിയിച്ചു. എന്നാൽ കുട്ടനാട്ടിലെ 90 ശതമാനം നെല്ലും സംഭരിച്ച് മില്ലുകൾക്ക് അയച്ചതായി സപ്ലൈക്കോ എം.ഡി അറിയിച്ചു. സപ്ലൈക്കോയ്ക്ക് ആവശ്യത്തിന് ഭക്ഷ്യ ശേഖരം നിലവിലുണ്ടെന്ന് അദ്ദേഹം അറിയിച്ചു.

തൃശ്ശൂർ ജില്ലയിൽ ഡി.എം.എ യോഗം കൂടി ആവശ്യമായ എല്ലാ മുൻകരുതൽ നടപടികൾ സ്വീകരിച്ചിട്ടുള്ളതായും നദികളിലെ എക്കൽ നീക്കം സംബന്ധിച്ചും ഉരുൾപ്പൊട്ടൽ സാധ്യതാ മേഖലകളിലെ മുൻകരുതൽ നടപടികളെ സംബന്ധിച്ചും ദുരിതാശ്വാസ ക്യാമ്പുകളെ സംബന്ധിച്ചും തൃശ്ശൂർ ജില്ലാകളക്ടർ അറിയിച്ചു.

അവലോകനം പൂർത്തിയായതായി ചീഫ് സെക്രട്ടറി അറിയിച്ചതിനെത്തുടർന്ന് സേവന സന്നദ്ധരായ എല്ലാ സേനാ വിഭാഗങ്ങൾക്കും ബഹു. മുഖ്യമന്ത്രി നന്ദി അറിയിക്കുകയും തുടർന്ന് ചുവടെ ഉൾപ്പെടുത്തിയ നിർദ്ദേശങ്ങൾ നൽകുകയും ചെയ്തു.

1. നദികളിലും മറ്റും എക്കൽ നീക്കം ചെയ്യുന്ന പ്രവർത്തി പൂർത്തിയാകാത്ത ഇടങ്ങളിൽ യുദ്ധകാലാടിസ്ഥാനത്തിൽ അവ പൂർത്തിയാക്കണം നീക്കം ചെയ്യുന്ന അവശിഷ്ടങ്ങൾ അവ തീരത്ത് തന്നെ നിക്ഷേപിക്കാതെ സൗകര്യപ്രദമായ സ്ഥലം കണ്ടെത്തി നീക്കം ചെയ്യേണ്ടതും എല്ലാ നദികളിലെയും നീരൊഴുക്ക് സുഗമമാക്കുന്നതിനു വേണ്ട നടപടി ജലസേചന വകുപ്പ് സ്വീകരിക്കണം. ഇവ ജില്ലാ ദുരന്ത നിവാരണ അതോറിറ്റികൾ പരിശോധിച്ച് ഉറപ്പാക്കേണ്ടതുമാണ്. (നടപടി: ജലസേചന വകുപ്പ്, ജില്ലാ ദുരന്ത നിവാരണ അതോറിറ്റികൾ )

2. കേന്ദ്ര കാലാവസ്ഥാ വകുപ്പ്, സംസ്ഥാന ദുരന്ത നിവാരണ അതോറിറ്റി എന്നിവർ നൽകുന്ന നിർദ്ദേശങ്ങൾ പഞ്ചായത്ത്,വാർഡ് തലം വരെയും വനപ്രദേശങ്ങളിലും, ഊരുകളിലും, ലയങ്ങളിലും എത്തിക്കേണ്ടതുണ്ട്. ബന്ധപ്പെട്ട തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളും, ജില്ലാ ദുരന്ത നിവാരണ അതോറിറ്റികളും ഇക്കാര്യം ഉറപ്പ് വരുത്തേണ്ടതാണ്. (നടപടി: തദ്ദേശ സ്വയംഭരണ വകുപ്പ് ജില്ലാ ദുരന്ത നിവാരണ അതോറിറ്റികൾ)

3. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ ദുരന്ത സാധ്യതാ പ്രദേശത്തുള്ളവരുടെയും, ഓറഞ്ച് ബുക്കിൽ നിർദ്ദേശിച്ചിട്ടുള്ള ദുർബല വിഭാഗങ്ങളുടെയും പട്ടിക തയ്യാറാക്കി വില്ലേജ് , പോലീസ്, അഗ്നി സുരക്ഷാ സേന എന്നിവർക്കെല്ലാം ഈ പട്ടിക കൈമാറേണ്ടതാണ്.

I/5296561/2022

ജില്ലാ ദുരന്ത നിവാരണ അതോറിറ്റിയുടെ കൈയ്യിൽ പ്രസ്തുത പട്ടികയുണ്ടാകേണ്ടതും കാലാവസ്ഥാ മുന്നറിയിപ്പ് അനുസരിച്ച് ആളുകളെ ഒഴിപ്പിക്കേണ്ടതുണ്ടെങ്കിൽ അതിനുള്ള നടപടികൾ സ്വീകരിച്ച് ദുരിതാശ്വാസ ക്യാമ്പുകളിലേയ്ക്ക് എത്തിക്കുന്നതിനുള്ള നടപടികളും സ്വീകരിക്കേണ്ടതുമാണ്. (നടപടി: തദ്ദേശ സ്വയംഭരണവകുപ്പ് ജില്ലാ ദുരന്ത നിവാരണ അതോറിറ്റി)

4. ഓരോ പ്രദേശത്തും ദുരിതാശ്വാസ ക്യാമ്പുകളായി തെരഞ്ഞെടുത്ത കെട്ടിടങ്ങളും അവിടങ്ങളിലേക്കുള്ള സുരക്ഷിതമായ വഴിയും അടയാളപ്പെടുത്തി പ്രസിദ്ധീകരിക്കുക. ഇവ ദുരന്ത സാധ്യതാ പ്രദേശങ്ങളിലുള്ള ജനങ്ങളെ അറിയിക്കുക. ക്യാമ്പുകൾ ആരംഭിക്കേണ്ട സാഹചര്യം ഉണ്ടായാൽ അവിടങ്ങളിൽ ഭക്ഷണം, ശുചിമുറി, വൈദ്യുതി, കുടിവെള്ളം മുതലായ സൗകര്യങ്ങൾ നല്ല രീതിയിൽ ഉറപ്പുവരുത്തേണ്ടതാണ്. (നടപടി: തദ്ദേശ സ്വയംഭരണ വകുപ്പ്, ജില്ലാ ദുരന്ത നിവാരണ അതോറിറ്റികൾ)

5. വൈദ്യുത ലൈനുകൾ, പോസ്റ്റുകൾ എന്നിവ സൂക്ഷ്മമായി പരിശോധിച്ച് അപകടരഹിതമാക്കാനുള്ള നടപടികൾ സ്വീകരിക്കണം (നടപടി: കെ.എസ്.ഇ.ബി )

6. എല്ലാ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലും കൺട്രോൾ റൂമുകൾ തുറക്കേണ്ടതും അവയുടെ ഫോൺ നമ്പരുകൾ പ്രദേശത്തെ ജനങ്ങൾക്ക് ലഭ്യമാക്കേണ്ടതുമാണ്. ഈ കൺട്രോൾ റൂമുകൾ താലൂക്ക്, ജില്ലാ കൺട്രോൾ റൂമുകളുമായി ഏകോപിപ്പിച്ച് പ്രവർത്തിക്കേണ്ടതാണ്. (നടപടി: തദ്ദേശ സ്വയംഭരണ വകുപ്പ്)

7. വിവിധ വകുപ്പുകളുടെയും രക്ഷാ സേനകളുടെയും നിയന്ത്രണത്തിനുള്ള രക്ഷാ ഉപകരണങ്ങൾ പ്രവർത്തനക്ഷമമാണോയെന്ന് കാലേകൂട്ടി പരിശോധിച്ച് ഉറപ്പ് വരുത്തേണ്ടതാണ്. (നടപടി: പോലീസ്, അഗ്നി രക്ഷാ സേന, ജല സേചന വകുപ്പ് കൃഷി വകുപ്പ്, തദ്ദേശ സ്വയംഭരണ വകുപ്പ് പൊതുമരാമത്ത് വകുപ്പ്)

8. വ്യക്തികളിൽ നിന്നും സ്ഥാപനങ്ങളിൽ നിന്നും ഉപകരണങ്ങൾ ലഭ്യമാക്കേണ്ടതുണ്ടെങ്കിൽ അത് സംബന്ധിച്ച വിവരം കാലേകൂട്ടി തയ്യാറാക്കി സൂക്ഷിക്കേണ്ടതാണ്. (നടപടി: തദ്ദേശ സ്വയംഭരണ വകുപ്പ് ജില്ലാ ദുരന്ത നിവാരണ അതോറിറ്റി)

9. ദുരന്ത സമയങ്ങളിൽ പ്രവർത്തിക്കുന്ന സന്നദ്ധ പ്രവർത്തകരും സംഘടനകളും വ്യക്തികളും ഏതെങ്കിലും പ്രത്യേക അടയാളത്തോടു കൂടി എത്താൻ പാടില്ലാത്തതും അവയെ ഏകീകൃത സംവിധാനത്തിൽ ജില്ലാകളക്ടറുടെ ഏകോപനത്തിൽ കേന്ദ്രീകൃത രീതിയിൽ കൃത്യമായ ധാരണയോടെ വിനിയോഗിക്കേണ്ടതുമാണ്. (നടപടി: സിവിൽ ഡിഫെൻസ്, ജില്ലാ ദുരന്ത നിവാരണ അതോറിറ്റി)

10. താഴ്ന്ന പ്രദേശങ്ങളിൽ വെള്ളക്കെട്ട് ഉണ്ടായാൽ വറ്റിക്കുവാൻ ആവശ്യമായ പമ്പുകൾ

I/5296561/2022

പ്രവർത്തിക്കുന്നുണ്ട് എന്ന് കൃഷി, ജല സേചന വകുപ്പ്, തദ്ദേശ വകുപ്പ്, അഗ്നി രക്ഷാ വകുപ്പ് എന്നിവർ ഉറപ്പ് വരുത്തുക.

11. പാലങ്ങൾ എല്ലാം പരിശോധിച്ച് സുരക്ഷ ഉറപ്പ് വരുത്തണം (നടപടി: തദ്ദേശ എൻജിനിയറിങ് വകുപ്പ്, പൊതു മരാമത്ത് വകുപ്പ്)

12. കുട്ടനാടൻ മേഖലയിലും, കോൾ മേഖലയിലും പ്രളയ സാഹചര്യത്തിൽ ഒറ്റപ്പെട്ട് പോകുന്ന പ്രദേശത്തെ ജനങ്ങൾക്ക് ദൈനംദിന കൃത്യങ്ങൾ നിർവ്വഹിക്കുവാൻ സ്വന്തം ശൂചിമുറികൾ ഉപയോഗിക്കുവാൻ സാധിക്കില്ല. ഇത്തരം സാഹചര്യത്തിൽ ബയോ/കെമിക്കൽ ശൂചിമുറികൾ നേരത്തെ തന്നെ തയ്യാറാക്കണം (നടപടി: തദ്ദേശ സ്വയംഭരണ വകുപ്പ് ജില്ലാ ദുരന്ത നിവാരണ അതോറിറ്റി)

13. വെള്ളപ്പൊക്കമുണ്ടാകുന്ന പക്ഷം ആളുകളെ മാറ്റിപ്പാർപ്പിക്കുന്നതിനുള്ള നടപടികൾക്കൊപ്പം നാടൻ ബോട്ടുകൾ, വള്ളങ്ങൾ, തോണികൾ മുതലായ സൗകര്യങ്ങൾ നേരത്തെ തയ്യാറാക്കി വയ്ക്കേണ്ടതാണ്. (നടപടി: തദ്ദേശ സ്വയംഭരണ വകുപ്പ്, ജില്ലാ ദുരന്ത നിവാരണ അതോറിറ്റി)

14. 100 ശതമാനം വേനൽ മഴ ലഭിച്ച പ്രദ്ദേശങ്ങളിൽ ഉരുൾപ്പൊട്ടൽ, മണ്ണിടിച്ചിൽ സാധ്യത പ്രത്യേകമായി പരിശോധിച്ച് ജില്ലാ ദുരന്ത നിവാരണ അതോറിറ്റികൾ പ്രത്യേകം ജാഗ്രത പുലർത്തേണ്ടതും എല്ലാ വിധ മുൻകരുതൽ നടപടികളും ഇത്തരം പ്രദ്ദേശങ്ങളിൽ സ്വീകരിക്കേണ്ടതും എല്ലാവരും ജാഗ്രതയോടെ പ്രവർത്തിക്കേണ്ടതുമാണ്. (നടപടി: തദ്ദേശ സ്വയംഭരണ വകുപ്പ്, ജില്ലാ ദുരന്ത നിവാരണ അതോറിറ്റി)

യോഗം 12.30ഓടെ അവസാനിച്ചു. പങ്കെടുത്തവരുടെ പട്ടിക അനുബന്ധമായി ചേർക്കുന്നു.